2025 മെയ് 10.

ടീബി മീറ്റിന്റെ ആദ്യദിവസം. രാവിലെ മുതൽ വൈവിദ്ധ്യവും ആകർഷകവുമായ പരിപാടികളിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുമ്പോൾ നാലുമണിയോടെയാണ് ഒരു പുതുമുഖം സെമി ക്ലാസിക്കൽ ഗാനവുമായി രംഗത്തേക്ക് വരുന്നത്. ട്രാക്കിൽ കേട്ട സംഗീതത്തിൽ നിന്നും സർഗ്ഗം എന്ന ചിത്രത്തിലെ "സംഗീതമേ...അമര സല്ലാപമേ...."എന്ന ഗാനമാണ് പാടാൻ പോകുന്നത് എന്ന് മനസ്സിലാക്കിയ ചിലരിലെങ്കിലും ആശങ്കയുണ്ടായി. ലൈവായ ട്രാക്കിന്റെ സഹായത്തോടെ അല്ലാതെ ഈ ഗാനം എങ്ങനെ ഈ ഗായകൻ പരിപൂർണ്ണതയിലെത്തിക്കും എന്നായിരുന്നു ആശങ്കയുടെ അടിസ്ഥാനം. എന്നാൽ പാട്ട് തീർന്നപ്പോൾ അന്ന് ആദ്യമായി പ്രേക്ഷകർ ഒന്നടങ്കം എഴുന്നേറ്റ് നിന്ന് കയ്യടിക്കുന്ന അഭൂതപൂർവ്വമായ കാഴ്ചക്കാണ് കൊട്ടേക്കാട് കൺവെൻഷൻ സെന്റർ സാക്ഷ്യം വഹിച്ചത്.

ഉജ്ജ്വലമായ തന്റെ ആലാപനപ്രതിഭ കൊണ്ട് മുഴുവൻ ആസ്വാദകരെയും വിസ്മയിപ്പിച്ച ആ സംഗീത പ്രതിഭയാണ് ഈ ദളത്തിലൂടെ ഇതൾ വിരിയുന്നത്.

ദീപു എം ജി
ഫെഡറൽ ബാങ്ക്
മാറമ്പള്ളി ശാഖ.

കായംകുളം എം എസ് എം കോളേജിൽ ഇംഗ്ലീഷ് പ്രൊഫസർ ആയി വിരമിച്ച കറ്റാനം സ്വദേശി ശ്രീ കെ ജി മോഹന്റെയും കരുനാഗപ്പള്ളി സ്വദേശിനി ശ്രീമതി ഗീതയുടെയും മൂന്നു മക്കളിൽ രണ്ടാമത്തെ ആളാണ് ദീപു.

കറ്റാനം പോപ്പ് പയസ് സ്കൂളിൽ ആയിരുന്നു പത്താം ക്ലാസ്സ് വരെയുള്ള വിദ്യാഭ്യാസം. സ്കൂളിൽ പഠിക്കുമ്പോൾ ശാസ്ത്രീയ സംഗീതത്തിനും ലളിതഗാനത്തിനും കഥകളി സംഗീതത്തിനും ഒക്കെ മത്സരങ്ങളിൽ പങ്കെടുത്തിരുന്ന ദീപുവിന് പലപ്പോഴും സബ്ജില്ലാതലത്തിലും ജില്ലാതലത്തിലും ഒക്കെ സമ്മാനങ്ങൾ കിട്ടിയിട്ടുണ്ട്. 2002ൽ നടന്ന സംസ്ഥാനതല സ്കൂൾ യുവജനോത്സവത്തിൽ കഥകളി സംഗീതത്തിന് കിട്ടിയ എ ഗ്രേഡ് ദീപു നെഞ്ചോട് ചേർക്കുന്നു.

പ്ലസ് ടു വിദ്യാഭ്യാസം കായംകുളം ബിഷപ്പ് മൂർ വിദ്യാപീഠത്തിൽ ആയിരുന്നു. അവിടെയും കലാമത്സരങ്ങളിൽ ദീപു സജീവമായിരുന്നു. 2004ൽ അഖിലകേരള അടിസ്ഥാനത്തിൽ ഐസിഎസ്ഇ നടത്തിയ

ലളിതഗാന മത്സരത്തിൽ ദീപുവിനായിരുന്നു മൂന്നാം സ്ഥാനം.

പത്താംക്ലാസ് വരെയുള്ള വിദ്യാഭ്യാസ കാലഘട്ടത്തിൽ ദീപു സ്കൗട്ട്സിൽ വളരെ സജീവമായിരുന്നു. അങ്ങനെ ലഭിച്ച ഒരു അംഗീകാരമാണ് 2004ൽ മാൽദീവ്സിൽ വച്ച് നടന്ന "സാർക്ക് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് ഫ്രണ്ട്ഷിപ്പ് ക്യാമ്പിൽ" ഇന്ത്യയെ പ്രതിനിധീകരിച്ച് പങ്കെടുക്കാൻ ലഭിച്ച അവസരം.

പ്ലസ്ടുവിന് ശേഷമുള്ള പഠനം പാലക്കാട് എൻഎസ്എസ് കോളേജ് ഓഫ് എൻജിനീയറിങ്ങിലായിരുന്നു.ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ ആയിരുന്നു വിഷയം.

കോളേജിൽ നിന്ന് തന്നെ ക്യാമ്പസ് സെലക്ഷനിൽ ദീപുവിന് സിടിഎസിൽ ജോലി കിട്ടി. അങ്ങനെ മൂന്നുവർഷം ചെന്നൈയിലും ഒരു വർഷം കൊച്ചിയിലും ആയി ഐടി മേഖലയിൽ തന്നെ ജോലി ചെയ്യാൻ അവസരം ലഭിച്ചു. അവിടെനിന്നാണ് ഫെഡറൽ ബാങ്കിലേക്ക് 2012ൽ ഓഫീസറായി നിയമനം ലഭിക്കുന്നത്. വിദ്യാഭ്യാസ യോഗ്യത കണക്കിലെടുത്ത് ഐടി ഡിപ്പാർട്ട്മെന്റിൽ ആയിരുന്നു ആദ്യനിയമനം.

പിന്നീട് പെരുമ്പാവൂരിനടുത്തുള്ള തുരുത്തി ശാഖയിലേക്ക്. സ്കെയിൽ ടൂവിലേക്ക് പ്രമോഷൻ ലഭിച്ചതിനെ തുടർന്ന് പെരുമ്പാവൂർ ശാഖയിലേക്കും തുടർന്ന് ആലുവ റെയിൽവേ സ്റ്റേഷൻ സ്ക്വയർ ശാഖയിലേക്കും സ്ഥലം മാറ്റം ലഭിച്ചു.അവിടെ നിന്നും ആലുവയ്ക്ക് അടുത്തുള്ള മാറമ്പിള്ളി ശാഖയിൽ ശാഖാ മാനേജരായി നിയമനം കിട്ടി. നമ്മുടെ മ്യൂസിക് ക്ലബ് കോഡിനേറ്റർ ആനന്ദ് പോയ ഒഴിവിലേക്ക് ആയിരുന്നു നിയമനം.ഈ വർഷം സ്കെയിൽ ത്രീ പ്രൊമോഷനോടെ ആ ശാഖയിൽ തന്നെ തുടരുന്നു.

സംഗീതത്തെ കുട്ടിക്കാലം മുതൽ സ്നേഹിച്ചിരുന്ന ദീപുവിന്റെ ആദ്യ ഗുരു കെപിഎസി രാഘവൻ മാഷ് ആയിരുന്നു. അദ്ദേഹത്തിന്റെ അടുത്തു പോയായിരുന്നു പഠനം. എന്നാൽ പിന്നീട് കുടുംബം മറ്റൊരു സ്ഥലത്തേക്ക് താമസം മാറിയതോടെ ആ അവസരം നഷ്ടമായി. ഒൻപതാം ക്ലാസിൽ എത്തുമ്പോഴാണ് സംഗീതവിദ്യാഭ്യാസം വീണ്ടും പുനരാരംഭിക്കുന്നത്.
ശ്രീ അശോക് കുമാർ ആയിരുന്നു ഗുരു.
വീണ്ടും ജോലി കിട്ടിയതോടെ ഒരിടവേള വന്നു. ഇപ്പോൾ രണ്ടു കൊല്ലമായി ചേർത്തല രാജേഷ് എന്ന സംഗീത വിദ്വാന്റെ അടുത്ത് ശിക്ഷണം നേടിക്കൊണ്ടിരിക്കുകയാണ്.

സംഗീതത്തിന് പുറമേ ക്രിക്കറ്റും യാത്രകളും ഇഷ്ടപ്പെടുന്ന ദീപു എവറസ്റ്റ് ബേസ് ക്യാമ്പിലേക്ക് ഒരു ട്രക്കിംഗ് നടത്തിയതിന് 2024ൽ ബാങ്ക് ഒരു അംഗീകാരം നൽകിയിരുന്നു.

തന്റെ കഴിവുകളെ ബാങ്ക് എന്നും അംഗീകരിച്ചു എന്ന് പറയുന്നതിൽ ദീപുവിന് അതിയായ സന്തോഷവും അഭിമാനവും ഉണ്ട്. തന്നെ ഇതിലേക്ക് കൊണ്ടുവന്ന ആനന്ദിനെ കുറിച്ച് പറയുമ്പോൾ ദീപുവിന്റെ മനസ്സ് തരളമായി. ആനന്ദിന്റെ ഓർമയിൽ ദീപുവിന്റെ ഒരുപാട് പ്രകടനങ്ങൾ ഉണ്ട്, ടി ബി യിലേത് ഉൾപ്പെടെ പക്ഷേ, കേട്ടതിനേക്കാൾ മനോഹരം കേൾക്കാനിരിക്കുന്നേയുള്ളൂ. ദീപുവിന്റെ കഴിവുകൾ പൂർണമായും പുറത്തു വന്ന ഒരു പ്രകടനം ഇത് വരെ ഉണ്ടായിട്ടില്ല എന്നാണ് ആനന്ദിന്റെ അഭിപ്രായം. ചരിത്രമുറങ്ങുന്ന ഇടങ്ങളിൽ യാത്ര ചെയ്ത് ദീപു തയ്യാറാക്കിയ വീഡിയോ കാണേണ്ട ഒന്നാണ് എന്ന് ആനന്ദ്.

ബാങ്കിന്റെ മുൻ ചെയർമാനായിരുന്ന ശ്യാം ശ്രീനിവാസൻ നൽകിയ പ്രോത്സാഹനങ്ങൾ ദീപുവിന് ഒരിക്കലും മറക്കാൻ കഴിയില്ല. ഒരിക്കൽ അഡ്ലക്സിൽ നടന്ന ഒരു ചടങ്ങിൽ ദീപുവിന്റെ പാട്ട് കേട്ടിട്ട് വീണ്ടും ഒരിക്കൽ കൂടി പാടണം എന്ന് അദ്ദേഹം ആവശ്യപ്പെട്ടതും വീണ്ടും ഒരിക്കൽ കൂടി പാടാൻ കഴിഞ്ഞതും ദീപുവിന് മറക്കാൻ കഴിയാത്ത ഒരു അനുഭവമാണ്.

2015 ലാണ് തിരുവനന്തപുരം സ്വദേശിനി മാളവിക വിജയനാഥ് ദീപുവിന്റെ സംഗീത സപര്യയ്ക്ക് കൂട്ടായി എത്തുന്നത്. ഫെഡറൽ ബാങ്കിന്റെ പനമ്പിള്ളി നഗർ ശാഖയിൽ ജോലി ചെയ്യുന്ന മാളവികയും നല്ലൊരു ഗായിക കൂടിയാണ്. എറണാകുളം ഭവൻസ് വിദ്യാമന്ദിർ മൂന്നാം ക്ലാസ് വിദ്യാർത്ഥിനി ശിവാനി ഡി നായരും ആറുമാസം പ്രായമുള്ള തൻവി ഡി നായരും അടങ്ങുന്ന ഈ കൊച്ചു കുടുംബം എറണാകുളം കടവന്ത്രയിൽ ആണ് താമസിക്കുന്നത്. സംഗീതത്തോടുള്ള പ്രണയം മൂലം ഈ ഫ്ലാറ്റിൽ ഒരു സ്റ്റുഡിയോ വരെ ഒരുക്കിയിട്ടുണ്ട് ദീപു.

ദീപുവിന്റെ മൂത്ത സഹോദരൻ ഗോപു സി സി എസ് ടെക്നോളജിയിൽ അസോസിയേറ്റ് ഡയറക്ടറായി ജോലി നോക്കുന്നു. സഹോദരി അഞ്ജലി കുടുംബത്തോടൊപ്പം ദുബായിലാണ്. നല്ലൊരു നർത്തകിയും പാട്ടുകാരിയും ആയ അഞ്ജലി സ്കൂൾ കാലഘട്ടത്തിൽ കലാതിലകം ആയിരുന്നു എന്ന് പറയുമ്പോൾ ദീപുവിന് ഏറെ അഭിമാനം.

സ്കൂളിലും കോളേജിലും ഒക്കെ പഠിക്കുമ്പോൾ സംഗീത മത്സരങ്ങളിലും

സംഗീത പ്രകടനങ്ങളിലും ഒക്കെ പങ്കെടുത്തിട്ടുണ്ടെങ്കിലും തിരുവനന്തപുരത്ത് നടന്ന ടീബി മീറ്റിലെ പ്രകടനം നൽകിയ പ്രചോദനം ദീപുവിന് മറക്കാൻ കഴിയുന്നതല്ല. മുൻപ് പല മീറ്റുകളിലും പങ്കെടുക്കണമെന്ന് ആഗ്രഹിച്ചിട്ടും പങ്കെടുക്കാതിരുന്നതിന്റെ നഷ്ടബോധമാണ് ഇപ്പോൾ തനിക്കുള്ളതെന്ന് ദീപു തുറന്നു പറയുന്നു. ഇനി വരുന്ന എല്ലാ മീറ്റുകളിലും സജീവമായി പങ്കെടുക്കാനാണ് താൻ ആഗ്രഹിക്കുന്നതെന്നും ദീപു പറഞ്ഞു.

സംഗീത ലോകത്ത് തന്റെ ആഗ്രഹം പോലെ ഉയരങ്ങളിൽ എത്താൻ ദീപുവിന് കഴിയട്ടെ എന്ന് ടിബി കുടുംബം ആശംസിക്കുന്നു.

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), Retired - സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ

English version: Drisya Saseendran , Union Bank of India, Regional Office, Udupi

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC കുന്നംകുളം

-----------------------------------------------------------------------------------------------

May 10, 2025.

The very first day of the TB Meet came along with a tapestry of artistry. At around 4 PM a newcomer made his appearance on the stage performing a semi-classical song.In cognizance of the song he was about to render from the music track , a few in the audience grew apprehensive, unsure about whether he would be able to make it. The song "Sangeethame Amara Sallapame” from the movie Sargam felt too challenging to them, to be attempted by a debutant, that too without the backing of live orchestra.

However spellbound by his performance which exceeded their expectations,the crowd at Kotteckatt Convention Centre wholeheartedly recognized it by a standing ovation.

That mesmerizing voice which echoed and re-echoed in the hearts of everyone at the venue belonged to:

Deepu M. G.<br>Federal Bank<br>Marampilly Branch.

Born in Kattanam, he is the second of the three children of Mr. K.G. Mohan, a retired English professor from MSM College, Kayamkulam, and Mrs. Geetha,a native of Karunagappally.

He completed his formative years of education at Pope Pious School in Kattanam. Even at a tender age, Deepu was an avid participant in music competitions and would emerge victorious at sub district and district levels in classical music, light music and Kathakali music competitions.

Among the accolades to his credit, he cherishes the moments when he was conferred an A grade in Kathakali music at the Kerala State Youth Festival held in 2002.

Deepu completed his higher secondary education at Bishop Moore Vidyapeeth, Kayamkulam, where he used to actively participate in cultural events.He could secure third place in All-Kerala ICSE light music competition.

Apart from music, Deepu also had a keen interest in scouting in which he actively used to participate till 10th grade. He was privileged to represent India at the SAARC Scouts and Guides Friendship Camp held in Maldives in 2004.

After higher secondary level, Deepu pursued a degree in Electronics and Communication Engineering at NSS College of Engineering, Palakkad. He got placed at CTS through campus recruitment and worked in Chennai for three years, followed by a stint of one year in Kochi. In 2012, he got appointed in Federal Bank as an officer. His first posting was in the IT department of the bank.

Thereafter he worked in Thuruthy branch near Perumbavoor. On elevation to Scale 2,he got transferred to Perumbavoor and from there to Aluva Railway Station Square before being promoted to Branch Manager at Marampilly. It was during this time that he also became the music club coordinator, succeeding Anand.

With his recent promotion to Scale III, he continues his service at Marampilly Branch.

Passion for music was embedded in Deepu during his childhood days itself. His first formal training was under the tutelage of K.P.A.C. Raghavan Master. Though his training was interrupted due to relocation of his family, he resumed it in Grade 9 under Mr Ashok Kumar. Later, the demands of his professional life created another pause. However, for the past two years, Deepu has been learning music under Rajesh from Cherthala, an acclaimed musician.

Apart from music, Deepu enjoys cricket and travel. In 2024, his successful trek to the Everest Base Camp was recognised by Federal Bank.

He reflects with gratitude about the support he has received from the bank. He fondly remembers Anand, who encouraged him to step into the spotlight at TB events. Anand opines that the world is yet to witness Deepu’s talent in it's entirety.

Deepu states that support extended to him by Shri Shyam Srinivasan, the former chairman of the bank is something he can never forget. On one occasion, during an event held at

Adlux, he listened to Deepu's singing and requested him to perform once more. The opportunity to sing again at his request remains an unforgettable experience for Deepu.

His wife, Malavika Vijayanath, who is also a singer works at Federal Bank's Panampilly Nagar branch. They have 2 daughters-Shivani D. Nair, a third-grade student at Bhavan's Vidyamandir, and 6 months old Tanvi D. Nair. The family is located in Kadavanthra, Ernakulam. Deepu has arranged even a home studio in their flat.

His older brother, Gopu, is an Associate Director at CCS Technology and his sister, Anjali, a dancer and singer who now resides in Dubai with her family was once conferred the title of 'Kalathilakam' which he proudly remembers.

Although Deepu has got many opportunities to perform, he considers his performance at the TB meet held in Trivandrum as a turning point-a musical rebirth. He regrets not participating in earlier meets and is now eager to be an active presence in future events.

The TB family wishes Deepu continued success as he aspires to reach even greater heights in his musical journey.